# നാളികേര ഉൽപ്പാദകസംഘങ്ങളെ സംഭരണ ഏജൻസികളാക്കി

കൊച്ചി: താങ്ങുവിലപ്രകാരം 2012 സീസണിലെ ആട്ടുകൊപ്ര സംഭരണത്തിനുള്ള സംസ്ഥാനതല ഏജൻസികളായി കേരഫെഡിനെയും മാർക്കറ്റിങ് ഫെഡറേഷനെയും നിയോഗിച്ച് സർക്കാർ ഉത്തരവിറങ്ങി. കാസർകോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ സംഭരണ ഏജൻസിയായി കേരഫെഡിനെയും മറ്റു ജില്ലകളിലേക്ക് മാർക്കറ്റിങ് ഫെഡറേഷനെയുമാണ് നിയോഗിച്ചിരിക്കുന്നത്. ഈ ഏജൻസികൾക്ക് മില്ലിങ് കൊപ്ര നേരിട്ടു നൽകാനുള്ള അനുമതി നാളികേര വികസനബോർഡിൽ രജിസ്റ്റർചെയ്ത നാളികേരോൽപ്പാദക സംഘങ്ങൾക്കും നൽകി. നാളികേരോൽപ്പാദകസംഘങ്ങൾക്ക് നാളികേരം (തൊണ്ടില്ലാതെ കിലോയ്ക്ക് 14 രൂപ നിരക്കിൽ) ശേഖരിച്ച് ഗുണനിലവാരമുള്ള കൊപ്രയുണ്ടാക്കി താങ്ങുവില നിരക്കിൽ (കിലോയ്ക്ക് 51 രൂപ) നേരിട്ട് ഏജൻസികൾക്കു നൽകാം. നാളികേരത്തിന് വിലയിടിവുണ്ടായാലും കർഷകർക്ക് കിലോയ്ക്ക് 14 രൂപ ഇതുവഴി ഉറപ്പായി ലഭിക്കും. ഉൽപ്പാദകസംഘങ്ങൾക്ക് കൊപ്രാ ഡ്രയറുകൾ സ്ഥാപിക്കാനും നാളികേര വികസനബോർഡ് സാമ്പത്തികസഹായം നൽകും.

ഇത്തരത്തിൽ നാളികേര സംഭരണം തുടങ്ങിയാൽ കൂടുതൽ വിലയിടിവ് ഉണ്ടാവുകയില്ല. കൂടാതെ കാലവസ്ഥാമാറ്റംമൂലം പ്രധാന നാളികേര ഉൽപ്പാദക രാജ്യങ്ങളിലെല്ലാംതന്നെ ഈ വർഷം ഉൽപ്പാദനം കുറയുമെന്നാണ് റിപ്പോർട്ട്. കേരളത്തിലും ഈ വർഷം ആദ്യപകുതിയിലെ ഉൽപ്പാദനം രണ്ടാം പകുതിയിൽ ഉണ്ടാകില്ലെന്നു പറയുന്നു. കൊപ്രാസംഭരണം പൂർണതോതിലാകുമ്പോൾ വില പഴയനിലയിലേക്കുയർന്ന് താങ്ങുവിലയെ മറികടക്കുമെന്നാണ് പ്രതീക്ഷ.